(ബി) ഉണ്ടെങ്കിൽ ഇത്തരം നിക്ഷേപം ഏത് രീതിയിൽ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇത്തരം നിക്ഷേപത്തിന് പൊതുജനങ്ങളെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന തുറമുഖ വികസനത്തിന് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) ബാധകമല്ല.

ബേപ്പൂർ തുറമുഖത്തിൽനിന്നും മണലെടുക്കാൻ അനുമതി

93 (7656) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ തുറമുഖത്തിൽനിന്നും മണലെടുക്കാൻ ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേരുകൾ വ്യക്തമാക്കുമോ ;

(സി) മണലെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ബേപ്പൂർ തുറമുഖത്തുനിന്നും ബേസിൻ/ചാനൽ എന്നിവയുടെ ആഴം നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 16-8-2013-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (എം)എസ്.)54/13 മ.തു.വ. പ്രകാരം നടത്തിയ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ മാന്വൽ ഡ്രഡ്ജിംഗിന് ചുവടെ പറയുന്ന സൊസൈറ്റികൾക്ക് അനുമതി നൽകിയിട്ടുണ്ട്:

1. ജനസേവ ലേബർ കോൺട്രാക്ട് സൊസൈറ്റി.
2. യൂണിവേഴ്സൽ ലേബർ കോൺട്രാക്ട് സൊസൈറ്റി.
3. ബേപ്പൂർ പോർട്ട് മാന്വൽ ഡ്രഡ്ജിംഗ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
4. ഫറൂക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.

(സി) ഉണ്ട്. പരാതികൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly